12. ചേർത്തല അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം

ശ്രീ. പി. തിലോത്തമൻ : സർ, ചേർത്തലയിലെ തീരപ്രദേശത്തെ ജനങ്ങളുടെ ദീർഘനാളുകളായുള്ള ഒരു ആവശ്യമാണ് അർത്തുങ്കൽ ഫിഷറീസ് ഹാർബർ ഈ ഗവൺമെന്റ് വന്നതിനുശേഷം ഹാർബറിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സുനാമി പുനരധിവാസ പദ്ധതിയിൽ നിന്ന് 5 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഹാർബറിന്റെ രണ്ടാം ഘട്ട പ്രവർത്തനം നടത്തുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞിട്ട് രണ്ട് വർഷത്തോളമായി. പിന്നീട് ഇതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. രണ്ടാംഘട്ട പ്രവർത്തനത്തിന് തടസ്സമായി പറയുന്നത് പരിസ്ഥിതി റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്നാണ്. ഇത് മത്സ്യത്തൊഴിലാളികളിലും പൊതുവേ ജനങ്ങൾക്കിടയിലും കടുത്ത ആശങ്കയും നിരാശയും സൃഷ്ടിച്ചിരിക്കുകയാണ്. ഹാർബറിന്റെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളാണ് കൂടുതൽ അധിവസിക്കുന്നത്. അതുസംബന്ധമായി അവിടെ സുരക്ഷിതമായി ലാന്റ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വളരെ കുറവായിരുന്നു. കായംകുളത്തിന് പുറമെ തോട്ടപ്പള്ളിയിൽ മാത്രമാണ് ഒരു ചെറിയ ഫിഷിംഗ് ഹാർബർ അന്ന് പദ്ധതിയിൽ ഉണ്ടായിരുന്നത്. അതും പൂർത്തിയായിരുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് 5 കോടി രൂപ മുതൽമുടക്കി ചേർത്തല നിയോജക മണ്ഡലത്തിലെ അർത്തുങ്കലിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് സുനാമി പുനരധിവാസ പദ്ധതിയിൽ ഭരണാനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 140 മീറ്റർ വീതം നീളമുള്ള രണ്ട് പുലിമുട്ടുകൾ ഓൾഡ് ബ്ലോക്ക് അടക്കമുള്ള പരിമിതമായ സൗകര്യങ്ങൾ ആ സ്കീമിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഹാർബറിന്റെ രണ്ടാം ഘട്ട വികസനത്തിനായി 47.49 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നീളം കൂട്ടാൻ 100 മീറ്റർ നീളത്തിലുള്ള വാർഫ്, ലേല ഹാൾ എന്നിവ രണ്ടാം ഘട്ടത്തിലെ പ്രധാന ഘടകങ്ങളാണ്. എന്നാൽ ഇതിന്റെ അംഗീകാരം കേന്ദ്ര കൃഷിമന്ത്രി കാര്യാലയത്തിൽ നിന്ന് ലഭ്യമായിട്ടില്ല. അതിനുമുമ്പ് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരവും നൽകേണ്ടതായിട്ടുണ്ട്. അതും കിട്ടിയിട്ടില്ല. ഇതിനാവശ്യമായ നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം നേടിയശേഷം കേന്ദ്ര കൃഷിമന്ത്രാലയത്തിൽ നിന്ന് 75 ശതമാനം കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചാൽ മാത്രമേ ഹാർബർ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എല്ലാവിധ കഠിന പരിശ്രമങ്ങളും നടത്തിവരികയാണ്.

13. കാട്ടാനശല്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, കല്പറ്റ മണ്ഡലത്തിലെ പല പ്രദേശങ്ങളും കഴിഞ്ഞ കുറെക്കാലമായി കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ രൂക്ഷമായ ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കറുകംതോട്, പൂമറ, മേൽമുറി, സേഫ്ടികുന്ന്, കുറിച്ച്യാർമല തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാന ശല്യം വളരെ രൂക്ഷമാണ്. കാട്ടാന ആക്രമണങ്ങളിൽ ഈ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടത്തെക്കുറിച്ച് മുമ്പ് പലതവണ ഞാൻ നിയമസഭയിൽ അവതരിപ്പിച്ച് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ഒരേസ്ഥലത്ത് രണ്ട് പേരെ കാട്ടാന ചവിട്ടി കൊല്ലുകയുണ്ടായി. കൊല്ലപ്പെട്ട രണ്ടുപേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനസംരക്ഷണ സമിതിയംഗങ്ങളാണ്. തുടരെത്തുടരെയുള്ള രണ്ട് മരണങ്ങൾ ഈ പ്രദേശത്തെ ജനങ്ങളെയാകെ പരിഭ്രാന്തരാക്കിയിരിക്കുകയാണ്. ജില്ലയിലെ കാട്ടാനകളുടെ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 5-ാം തീയതി ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ നടപടി സ്വീകരിക്കാൻ ധാരണയായിട്ടുണ്ട്. തയ്യോട്, പുതന മുതലായ പ്രദേശങ്ങളിൽ എം.എൽ.എ. ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ നൽകി സൗരോർജ്ജ കമ്പിയും ഇലക്ട്രിക് ഫെൻസിംഗും അവിടെ നടത്തിയിട്ടുണ്ട്. കാട്ടാന അക്രമം നടത്തുന്ന പ്രദേശങ്ങളിൽ ട്രെഞ്ചുകളും സൗരോർജ്ജ കമ്പികളും അടിയന്തരമായി നിർമ്മിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ, വനം സംരക്ഷണ സമിതി അംഗങ്ങൾ എന്നിവർ അടങ്ങിയ സമിതിയെ ഇതിന്റെ സംരക്ഷണ ചുമതല ഏല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കാട്ടാനയുടെ അക്രമണത്തിൽ മരണമടഞ്ഞവരുടെ കുടുംബത്തിനും കൃഷിനാശം സംഭവിച്ചവർക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥിരമായി കാട്ടാന ആക്രമണത്തിന് വിധേയമാകുന്ന പ്രദേശങ്ങളിലെ ആൾക്കാരെ മാറ്റി പാർപ്പിക്കാനുള്ള ഒരു പദ്ധതികൂടി ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

വനവും വന നിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, 4-2-2011-ൽ മരണപ്പെട്ട ശാന്തയുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി മുന്ന് ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ തുക ഒരാഴ്ചയ്ക്കകം നൽകുന്നതാണ്. 13-2-2011-ൽ മരണപ്പെട്ട മാധവന്റെ ആശ്രിതർക്കും അർഹമായ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് 5-2-2011-ലെ യോഗ തീരുമാന പ്രകാരം കാട്ടാനശല്യം നേരിടുന്ന പ്രദേശങ്ങളിൽ സൗരോർജ്ജ കമ്പിവേലി സ്ഥാപിക്കുന്നതിനായി വനം വകുപ്പിൽ നിന്ന് ആറ് ലക്ഷം രൂപയും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ എം.എൽ.എ. ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. പ്രസ്തുത ജോലിക്കാവശ്യമായ ഭരണാനുമതി നൽകുകയും ഈ ജോലികൾ നടപ്പിലാക്കുന്നതിനുവേണ്ടി കറുകന്തോട് വനസംരക്ഷണ സമിതിയുടെ കീഴിൽ ആക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജോലി അടിയന്തരമായി ചെയ്തു തീർക്കുകയാണ്. തുടർച്ചയായി ഉണ്ടായ രണ്ട് മരണത്തിൽ നിന്നും ജനങ്ങളുടെ ഭീതി അകറ്റുന്നതിനായി 16-2-2011 മുതൽ എല്ലാ ദിവസങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗും നടത്തിവരുന്നുണ്ട്. കൂടാതെ വന്യജീവിസങ്കേതങ്ങളിൽ ജോലി ചെയ്ത് പ്രാവീണ്യമുള്ള ജീവനക്കാരടങ്ങിയ ഒരു സംഘം രൂപീകരിക്കുകയും രണ്ട് മരണങ്ങൾക്ക് കാരണക്കാരനായ ആനയെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ 16-2-2011-ൽ പ്രാദേശിക കക്ഷികൾ അടങ്ങിയ സർവ്വകക്ഷിയോഗം ചേരുകയും വനം വന്യജീവി സംരക്ഷണത്തിനും കാട്ടുതീ തടയുന്നതിനും വന്യജീവികൾ കൃഷിയിടങ്ങളിൽ കയറുന്നത് തടയുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്. വനാതിർത്തിയിൽ കൽമതിൽ നിർമ്മിക്കുകയാണ് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം തടയുന്നതിനുള്ള ശാശ്വത നടപടി. സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലും ചെമ്പ്രത്ത് റെയിഞ്ചിന് കീഴിൽ വരുന്ന പ്രദേശങ്ങളിലും നബാർഡിൽ നിന്ന് ലഭിച്ച 1.17 കോടി രൂപ ഉപയോഗിച്ച് കൽമതിൽ കെട്ടുന്നത് പുരോഗിച്ചു വരുന്നു. വന്യജീവികളിൽ നിന്ന് ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ ആക്രമണത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1-2-2011-ലെ ജി.ഒ. ഉത്തരവ് പ്രകാരം പത്തംഗ വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയോട് പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഒരു കാര്യം കൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. ഇവിടെ പറഞ്ഞതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചാൽ പ്രകൃതി ക്ഷോഭത്തിന്റെ ഫണ്ടിൽ നിന്ന് നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. ഇത്തരം നാശനഷ്ടം ഏറ്റവും കൂടുതൽ വരുന്നത് കണക്കിലെടുത്തു കൊണ്ട് കേന്ദ്ര ഗവൺമെന്റിലേക്ക് ഒന്നുകൂടി എഴുതുകയാണ്. നമുക്ക് എല്ലാവർക്കുംകൂടി സമ്മർദ്ദം ചെലുത്താം. ഈ ഫണ്ടിൽ നിന്നുകൂടി കുറച്ച് സഹായം കൊടുക്കാൻ പറ്റിയാൽ അതൊരു സഹായമായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): സർ, നഷ്ടപരിഹാരത്തിന്റെ കാര്യം മാത്രമല്ല. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. നമ്മുടെ നാട്ടിൽ കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ കാട്ടാനയുടെ ആക്രമണംകൊണ്ട് എത്ര പേർ മരിച്ചുവെന്ന് നോക്കിയാൽ മതി. കൃഷിനാശം വന്യമൃഗങ്ങൾ വരുത്തുന്ന നാശങ്ങളല്ല, അതിന്റെ ഒരു പത്തിരട്ടി അല്ലെങ്കിൽ ഒരു നൂറ് ഇരട്ടിയാണ് ഈ വന്യമൃഗങ്ങളെ പേടിച്ച് കൃഷിക്കാർ കൃഷി ചെയ്യാതിരിക്കുന്ന സ്ഥലങ്ങൾ. ഇതിന് കേന്ദ്ര നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ജനങ്ങൾക്കും അവരുടെ സ്വത്തിനും സംരക്ഷണം കൊടുക്കണം. വന്യമൃഗങ്ങളെ സംരക്ഷിക്കണം അതിൽ യാതൊരു തർക്കവുമില്ല. വന്യമൃഗങ്ങളെ സ്വകാര്യ വ്യക്തികൾ വെടിവച്ച് മറ്റ് ആവശ്യങ്ങൾക്കുവേണ്ടി എടുക്കുന്നത് തടയണം എന്നതൊഴിച്ചാൽ ബാക്കിയുള്ള കാര്യങ്ങളിൽ ജനങ്ങളുടെ ജീവന് തന്നെയാണ് സംരക്ഷണം. വളരെ ഗൗരവമായിട്ട് ആലോചിക്കണം, ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ കാളിംഗ് അറ്റൻഷനായിട്ട് ഈ വിഷയം കൊണ്ടുവന്നു. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ 22 പേർ മരിച്ചുവെന്നാണ് പറഞ്ഞത്. ഈ ഗുരുതരമായ സ്ഥിതി ഗവൺമെന്റ് കണക്കിലെടുക്കണം, ഈ കമ്മിറ്റിയുടെ റിപ്പോർട്ട് വരാൻ കാത്തിരിക്കാതെ ഇടക്കാല റിപ്പോർട്ട് വരുത്തി നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇതിന്റെ ഗൗരവം നമ്മൾ സഭയിൽ നല്ല വണ്ണം ചർച്ച ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം തന്നെയാണ് സഭയ്ക്കും നമുക്കെല്ലാവർക്കും ഉള്ളത്. ആ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ടിനായി കാത്തുനിൽക്കാതെ ഇടക്കാല റിപ്പോർട്ട് എത്രയും വേഗം വാങ്ങി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കാം.

14. 1994-ൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ നടപടി

ശ്രീ. പി. സി. ജോർജ് : സർ, ഒരു ലക്ഷം തൊഴിൽ പദ്ധതി 1994-ൽ ബഹുമാനപ്പെട്ട പി. പി. ജോർജ് കൃഷിമന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ചതാണ്. മറുപടി പറയേണ്ട മന്ത്രി ഇവിടെ ഇല്ല. ആരാണ് മറുപടി പറയുന്നത് ?

മി. ഡെപ്യൂട്ടി സ്പീക്കർ : റവന്യൂ വകുപ്പുമന്ത്രി പറഞ്ഞുകൊള്ളും.

ശ്രീ. പി. സി. ജോർജ് : റവന്യൂ വകുപ്പുമന്ത്രിക്ക് വല്ല കാര്യവുമുണ്ടോ കൃഷി വകുപ്പിൽ.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് പറയ്.

ശ്രീ. പി. സി. ജോർജ് : മന്ത്രിമാർ പ്രസംഗ തൊഴിലാളിയായി പോകുന്ന പരിപാടി ശരിയല്ല. ഞാൻ പറയാം,

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് വിഷയം പറയൂ, വെറുതെ കാട് കയറാതെ.

ശ്രീ. പി. സി. ജോർജ് : വിഷയം പറയാൻ ആ മന്ത്രി ഇവിടെ ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : കാട് കയറാതെ.

മി. പി. സി. ജോർജ് : .....ബഹളം..... നിയമസഭ ഷെഡ്യൂൾ ചെയ്ത് കഴിഞ്ഞതിനുശേഷമല്ലേ യാത്ര നിങ്ങൾ ഷെഡ്യൂൾ ചെയ്യുന്നത്. അപ്പോൾ മന്ത്രിമാരെ അങ്ങോട്ട് അയയ്ക്കാതെ മന്ത്രിമാർ നിയമസഭയോട് ഉത്തരവാദിത്തം കാണിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ അഭിപ്രായം പറയുന്നു. എനിക്ക് സ്വാതന്ത്ര്യമില്ലേ പറയാൻ ?

മി. ഡെപ്യൂട്ടി സ്പീക്കർ : കൃഷി വകുപ്പിന്റെ കാര്യം പറയ്.

ശ്രീ. പി. സി. ജോർജ് : ഞാൻ പറയട്ടെ 1994-ൽ ആരംഭിച്ചതാണ് ഒരു ലക്ഷം തൊഴിൽ പദ്ധതി. അത് കാർഷിക മേഖല, അനുബന്ധ മേഖല, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം ഈ മേഖലയിൽ തൊഴിൽ നൽകുമെന്നും അറുപത് വയസ്സാകുമ്പോൾ മുപ്പതിനായിരം രൂപ മുതൽ അറുപതിനായിരം രൂപവരെ ഗ്രാറ്റുവിറ്റി, അറുപതു വയസ്സിനുശേഷം പ്രതിമാസം ആയിരം രൂപ പെൻഷൻ തുടങ്ങിയ വാഗ്ദാനങ്ങൾ നൽകി 1100 രൂപാവീതം 104213 പേരുടെ പക്കൽനിന്നും സർക്കാർ ഖജനാവിൽ മേടിച്ച് അടച്ചുവച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ ഇതിലെ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിന്, 91 തസ്തികകൾ സൃഷ്ടിച്ച് ആ 91 ഉദ്യോഗസ്ഥന്മാരിപ്പോൾ നിയമനം നേടി ജോലി ചെയ്തുകൊണ്ടിരിക്കുകാണ്. ഇപ്പോൾ ഈ പോസ്റ്റിൽ